**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 –2332120, 2338487

**വിജ്ഞാപനം**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ 2025**
**അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരളത്തിലെ വിവിധ സർക്കാർ/സ്വകാര്യ ഫാർമസി കോളേജുകളിലെ 2025-26 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

**പ്രവേശനത്തിനു വേണ്ട യോഗ്യതകൾ**

i. **നേറ്റിവിറ്റി**: അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. (വിശദ വിവരങ്ങൾക്ക് 2025 ലെ ബി.ഫാം (ലാറ്ററൽ എന്ട്രി ) കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ് 4.1 കാണുക )

ii. **വിദ്യാഭ്യാസ യോഗ്യത**:

**എ)** അപേക്ഷകർ ഡിപ്ലോമ ഇൻ ഫാർമസി വിജയിച്ചവരാകണം. (ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ എഡ്യൂക്കേഷണൽ റെഗുലേഷൻസ് 2020 പ്രകാരമുള്ളത്). ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനത്തിൽ പഠിച്ച കേരള സ്റ്റേറ്റ് ബോർഡ് ഓഫ് ഡി ഫാം എക്സാമിനേഷൻസ് അല്ലെങ്കിൽ തത്തുല്യമായ ഡിപ്ലോമ ഇൻ ഫാർമസി പരീക്ഷ പാസാകുകയും അവസാന വർഷ പരീഷയിൽ കുറഞ്ഞത് 50% മാർക്ക് നേടുകയും ചെയ്തിരിക്കണം.

**ബി)** അപേക്ഷകർ ഫാർമസി കൗൺസിലിൽ രജിസ്ട്രേഷൻ നടത്തേണ്ടതും കൗൺസിലിംഗ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

അല്ലെങ്കിൽ

അപേക്ഷകർ സംസ്ഥാന ഫാർമസി കൗൺസിലിൽ രജിസ്ട്രേഷന് വേണ്ടി അപേക്ഷിച്ചിരിക്കണം. ആയതിന്റെ തെളിവ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കേണ്ടതാണ്.

iii. **വയസ്സ്**: പ്രവേശനത്തിന് ഉയർന്ന പ്രായ പരിധിയില്ല.

**പ്രവേശന പരീക്ഷ**

ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ 23.11.2025 ന് പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. പ്രവേശന പരീക്ഷയ്ക്കുള്ള സ്കീം, സിലബസ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 8 ൽ ലഭ്യമാണ്.

**<u>ഓൺലൈൻ അപേക്ഷ സമർപ്പണം</u>**

www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ബിഫാം (ലാറ്ററൽ എൻട്രി) കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായി അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി (ബാധകമായത്) എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്തതിനു ശേഷം അപേക്ഷകൾ Application Acknowledgement Page ഡൗൺലോഡ് ചെയ്യാവുന്നതാണ്. Application Acknowledgement Page/ സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകളുടെ പകർപ്പ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**<u>അപേക്ഷാ ഫീസ്:</u>**

ജനറൽ വിഭാഗക്കാർ ₹800 രൂപയും, എസ്.സി വിഭാഗക്കാർ ₹400 രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ അപേക്ഷാഫീസ് തിരികെ നൽകുന്നതല്ല.

**<u>ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും</u>**

ബി.ഫാം(ലാറ്ററൽ എൻട്രി)-2025 ലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ **15.11.2025 വൈകുന്നേരം 4.00** മണിയ്ക്ക് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതും പ്രോസ്പെക്ടസ് ക്ലോസ് 7.3.5 & 7.3.6 ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. സംവരണം, ഫീസ്, തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്നതിനായുള്ള രേഖകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കാൻ കൂടുതൽ സമയം ആവശ്യമായിട്ടുള്ളവർക്ക് **20.11.2025 വരെ** പ്രസ്തുത രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ അക്നോളജ്മെന്റ് പേജ് ഡൗൺലോഡ് ചെയ്ത് കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| 10.11.2025 | അപേക്ഷാ സമർപ്പണം ആരംഭിക്കുന്നു. |
| 15.11.2025, 4.00 pm | അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. **15.11.2025, 4:00 p.m.**വരെ അപേക്ഷകൾ സമർപ്പിക്കാം. ഫോട്ടോ, ഒപ്പ്, പത്താം തരം സർടിഫിക്കറ്റ് എന്നിവ നിർബന്ധമായും അപ്‌ലോഡ് ചെയ്തിരിക്കണം. 15.11.2025, 4:00 p.m. നുള്ളിൽ അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. |
| 20.11.2025 | രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി |
| 23.11.2025 | കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ |

**<u>അഡ്മിറ്റ് കാർഡ്</u>**

പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.inഎന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷയ്ക്ക് മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിറ്റ് കാർഡ് ലഭ്യമാകുന്ന തീയതി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് മുഖേന അറിയിക്കുന്നതായിരിക്കും.

**<u>റാങ്ക് ലിസ്റ്റ്</u>**

സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ ക്ലോസ് 10 ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ബി.ഫാം (ലാറ്ററൽ എൻട്രി) 2025 കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്നതാണ്.

**<u>പൊതുവായ മാർഗനിർദേശങ്ങൾ</u>**

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ ബി.ഫാം (ലാറ്ററൽ എൻട്രി)- 2025 പ്രോസ്പെക്ടസ് വായിച്ച് മനസ്സിലാക്കേണ്ടതാണ്. പ്രവേശന പരീക്ഷ, അലോട്ട്മെന്റ് തുടങ്ങിയവയെ സംബന്ധിച്ചുള്ള തത്സ്ഥിതി വിവരങ്ങൾ അറിയുന്നതിന് അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്. ബി.ഫാം (ലാറ്ററൽ എന്ട്രി) അലോട്ട്മെന്റും അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ട് തപാൽ മുഖേനയോ മറ്റേതെങ്കിലും വഴിയോ ആശയവിനിമയം നടത്തുന്നതല്ല. 2025 ബി.ഫാം (ലാറ്ററൽ എന്ട്രി) കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപെട്ട് ഔദ്യോഗിക വെബ്സൈറ്റിൽ നൽകുന്ന അറിയിപ്പുകളും വിജ്ഞാപനങ്ങളും ശ്രദ്ധിക്കാത്തത് മൂലമുണ്ടാകുന്ന അനന്തരഫലങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 –2332120, 2338487**

Signed by
Arun S Nair
Date: 10-11-2025 17:07:22
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10-11-2025